EXPORT OF GINGER

*160. [45] **Sri. N. P. Verghese:** Will the Hon'ble Minister for Industries be pleased to state.—

(*a*) the quantity of ginger exported from Travancore-Cochin State in 1949 and 1950;

(*b*) what is the amount of dollar earned by export of ginger in 1949 and 1950 by the State; and

(*c*) what is the rise in price due to?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) In 1949 — 2,069 tons.

,, 1950 — figures are not available.

(*b*) & (*c*) No information is available.

ട്രാൻസ്പോർട്ട് ബസ് സർവ്വീസ്

*൧൩൨. (൪൩) ശ്രീ. ശങ്കരൻ നാടാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബാലരാമപുരത്തുനിന്നും വിഴിഞ്ഞത്തേക്കു പോകുന്ന റോഡുവഴി ഗവണ്മെണ്ടു സർവ്വീസു നടപ്പിൽ വരുത്തണമെന്ന സ്ഥലവാസികൾ അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിലേക്ക എന്തു നടപടി എടുത്തു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ട്.

(ബി) അന്വേഷിച്ചുകൊണ്ടിരിക്കുകയാണു.

എലക്ട്രിക് ലൈൻ

*൧൩൩. (൪൭) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നെയ്യാറിൻകര മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട ആറാലും മൂട്, അമരവിള, മുതലായ സ്ഥലങ്ങളിലേയ്ക്ക് എലക്ട്രിക് ലൈൻ നീട്ടുന്നതിനു ഗവണ്മെണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് അനുവാദം നല്കിയതു; അതനുസരിച്ച് ജോലി തുടങ്ങിയോ; ജോലി തുടങ്ങിയില്ലെങ്കിൽ അതിനുള്ള കാരണമെന്തു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ൧൯൫൧-൫൨ൽ. ബഡ്ജറിൽ തുക അനുവദിച്ചിരുന്നതിൽ ബാക്കി ഇല്ലാതിരുന്നതിനാൽ സാധിച്ചില്ല. എങ്കിലും പണം ഡൈവട്ട് ചെയ്ത് ജോലി തുടങ്ങുന്നതിനു് ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ഇതിനെക്കുറിച്ച് നെയ്യാറിൻകര മുൻസിപ്പാലിറ്റിയിലെ മെമ്പറന്മാർ ഡെപ്യൂട്ടേഷൻ വന്നിട്ടുണ്ടായിരുന്നോ?

ശ്രീ. സി. കേശവൻ: ഉണ്ടായിരിക്കണം. അതുകൊണ്ടുകൂടിത്തന്നെയാണ് ഇതു് ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. ഈ. പി. പൗലോസ്: ഈമാതിരി ഉള്ള ജോലികൾ ആരംഭിക്കുന്നതിനു് പ്രയാറ്റിലിസ്റ്റ് ഉണ്ടോ?

ശ്രീ. സി. കേശവൻ: അതു് നോട്ടീസു കൂടാതെ പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly